# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 19.02.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) ഉപഗ്രഹ വിക്ഷേപണ മേഖലയിൽ ഇന്ത്യ ആഗോള വിശ്വാസ്യത നേടിക്കഴിഞ്ഞെന്ന് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്

   Union Minister Jitendra Singh said that India has gained global credibility in the field of satellite launches.

2) ഗ്രാമീണ ജീവിതം മെച്ചപ്പെടുത്താനുള്ള കേന്ദ്ര സർക്കാർ സംരംഭങ്ങൾ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഉണർവ് പകർന്നതായി കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ.

   Union Minister Shivraj Singh Chouhan said that the central government's initiatives to improve rural life have given a boost to the country's economy.

3) പ്രകൃതിക്ഷോഭങ്ങൾ ബാധിച്ച അഞ്ച് സംസ്ഥാനങ്ങൾക്ക് കേന്ദ്രസഹായം അനുവദിച്ച് ഉത്തരവായി.

   Central assistance has been granted to five states affected by natural disasters.

4) മുല്ലപ്പെരിയാർ അണക്കെട്ടിൽ കേരളത്തിനും തമിഴ്നാടിനും സ്വീകാര്യമായ പരിഹാരം കണ്ടെത്തണമെന്ന് സുപ്രീംകോടതി.

   Supreme Court should find an acceptable solution for Kerala and Tamil Nadu on the Mullaperiyar dam.

5) കേരളത്തിന്റെ വികസനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് വലുതാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

Chief Minister Pinarayi Vijayan says the role of local self-government institutions in the development of Kerala is significant.

6) മലേഷ്യ-ഇന്ത്യ പ്രതിരോധ സഹകരണ സമിതിയുടെ പതിമൂന്നാമത് യോഗം ഇന്ന് ക്വാലാലംപൂരിൽ നടന്നു. സൈബർ സുരക്ഷ, പ്രതിരോധ വ്യവസായം എന്നിവയിൽ സഹകരണം മെച്ചപ്പെടുത്തും.

The 13th meeting of the Malaysia-India Defense Cooperation Committee was held in Kuala Lumpur today. Cooperation in cybersecurity and defence industry will be enhanced.

7 ) ഐസിസി ചാമ്പ്യൻസ് ട്രോഫിയിൽ ന്യൂസിലാൻഡിനെതിരെ പാക്കിസ്ഥാന് 321 റൺസ് വിജയലക്ഷ്യം.

Pakistan set a target of 321 runs against New Zealand in the ICC Champions Trophy.

********************

## JITENDRA-INDIA SPACE (INTRO)

ഉപഗ്രഹ വിക്ഷേപണ മേഖലയിൽ ഇന്ത്യ ആഗോള വിശ്വാസ്യത നേടിയിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി ഡോ. ജിതേന്ദ്ര സിംഗ്. നാസ ഉൾപ്പെടെയുള്ള മുൻനിര ബഹിരാകാശ ഏജൻസികൾ ഇപ്പോൾ ഇന്ത്യയുടെ കണ്ടെത്തലുകൾക്കായി കാത്തിരിക്കുകയാണ്. സാങ്കേതികവിദ്യ, ബയോടെക്നോളജി, ബഹിരാകാശം തുടങ്ങി ഏതു മേഖലയിലും ലോകരാജ്യങ്ങളോട് കിടപിടിക്കാവുന്ന നിലയിലേക്ക് രാജ്യം വളർന്നതായും അദ്ദേഹം പറഞ്ഞു. ബഹിരാകാശ ഡോക്കിംഗ് പരീക്ഷണം ഇന്ത്യയുടെ സാങ്കേതിക പുരോഗതിയുടെ തെളിവാണെന്നും, ഗഗൻയാൻ, ചന്ദ്രയാൻ-4, ഭാരതീയ അന്തരിക്ഷ്

സ്റ്റേഷൻ എന്നിവയുൾപ്പെടെയുള്ള ഭാവി ബഹിരാകാശ ദൗത്യങ്ങൾക്ക് വഴിയൊരുക്കുന്നതാണെന്നും ജിതേന്ദ്ര സിംഗ് വ്യക്തമാക്കി.
(ഹോൾഡ്)

********************

## CENTRE -FLOOD ASSISTANCE

പ്രളയം, ഉരുൾപൊട്ടൽ, ചുഴലിക്കാറ്റ് തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ ബാധിച്ച അഞ്ച് സംസ്ഥാനങ്ങൾക്ക് ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 1554 കോടി രൂപയുടെ കേന്ദ്രസഹായം അനുവദിച്ചു. ആന്ധ്രാപ്രദേശിന് 608 കോടി രൂപയും നാഗാലാൻഡിന് 170 കോടി രൂപയും ഒഡീഷയ്ക്ക് 255 കോടി രൂപയും തെലങ്കാനയ്ക്ക് 231 കോടി രൂപയും ത്രിപുരയ്ക്ക് 288 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

********************

## INDIA MALAYSIA DEFENCE

മലേഷ്യ-ഇന്ത്യ പ്രതിരോധ സഹകരണ സമിതിയുടെ പതിമൂന്നാമത് യോഗം ഇന്ന് ക്വാലാലംപൂരിൽ നടന്നു. പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിങ്ങും മലേഷ്യ പ്രതിരോധ മന്ത്രാലയത്തിലെ സെക്രട്ടറി ജനറൽ ലോക്മാൻ ഹക്കിം ബിൻ അലിയും സംയുക്തമായി യോഗത്തിന് അധ്യക്ഷത വഹിച്ചു. സൈബർ സുരക്ഷ, നിർമ്മിത ബുദ്ധി, പ്രതിരോധ വ്യവസായം, സമുദ്ര സുരക്ഷ തുടങ്ങിയവയിൽ സഹകരണം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ യോഗത്തിൽ ചർച്ചയായി. പാരമ്പര്യേതര സമുദ്ര സുരക്ഷാ ഭീഷണികളെ നേരിടുന്നതിനായി ഒരു സംയുക്ത ഫോക്കസ് ഗ്രൂപ്പ് രൂപീകരിക്കാനും തീരുമാനമായി.

********************

## SHIVRAJ-RURAL ECONOMY

ഗ്രാമപ്രദേശങ്ങളിലെ പൗരന്മാരുടെ ജീവിതം മെച്ചപ്പെടുത്താൻ കേന്ദ്ര സർക്കാർ നിരവധി പദ്ധതികൾക്കും സംരംഭങ്ങൾക്കും തുടക്കം കുറിച്ചതായി കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഈ സംരംഭങ്ങൾ ഉണർവ്

പകർന്നതായും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു. ആഫ്രിക്കൻ-ഏഷ്യൻ റൂറൽ ഡെവലപ്മെന്റ് ഓർഗനൈസേഷന്റെ 77-ാമത് സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

********************

## Delhi-CM Meeting

ഡൽഹി മുഖ്യമന്ത്രിയെ തീരുമാനിക്കുന്നതിനുള്ള ബിജെപി നിയമസഭാ കക്ഷി യോഗം ന്യൂഡൽഹിയിൽ നടക്കുന്നു. പുതുതായി തിരഞ്ഞെടുക്കപ്പെട്ട ബിജെപി എംഎൽഎമാരും പാർട്ടിയുടെ മുതിർന്ന നേതാക്കളും പങ്കെടുക്കും. മുതിർന്ന നേതാക്കളായ രവിശങ്കർ പ്രസാദ്, ദേശീയ സെക്രട്ടറി ഓം പ്രകാശ് ധൻഖർ എന്നിവരാണ് യോഗത്തിന്റെ നിരീക്ഷകർ. പുതിയ സർക്കാരിൻറെ സത്യപ്രതിജ്ഞ നാളെ രാംലീല മൈതാനിയിൽ നടക്കും.

********************

## FINANCE COMMISSION GRANT

ബീഹാർ, ഹരിയാന, സിക്കിം എന്നിവിടങ്ങളിലെ തദ്ദേശ സ്ഥാപനങ്ങൾക്കായി 2024-25 സാമ്പത്തിക വർഷത്തേക്കുള്ള പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാൻറുകൾ കേന്ദ്ര സർക്കാർ വിതരണം ചെയ്തു. പ്രത്യേക ആവശ്യങ്ങൾക്കായുള്ള ഗ്രാന്റിന്റെ രണ്ടാം ഗഡുവാണ് മൂന്ന് സംസ്ഥാനങ്ങൾക്കും നൽകിയത്. കൂടാതെ ബിഹാറിനും ഹരിയാനക്കും ആദ്യ ഗഡുവിൽ തടഞ്ഞുവച്ച തുകയും നൽകി.

********************

## Mullaperiyar- Supreme Court

മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട വിഷയത്തിൽ കേരളത്തിനും തമിഴ്നാടിനും ഒരുപോലെ സ്വീകാര്യമായ പരിഹാരം കണ്ടെത്തണമെന്ന് സുപ്രീംകോടതി. മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ നേതൃത്വത്തിൽ ഇരുസംസ്ഥാനങ്ങളുടേയും യോഗം വിളിക്കണമെന്നും സുപ്രീംകോടതി നിർദേശിച്ചു. മേൽനോട്ടസമിതി നാലാഴ്ചക്കുള്ളിൽ റിപ്പോർട്ട് നൽകണമെന്നും നിർദേശിച്ചിട്ടുണ്ട്.

********************

## GYANESH KUMAR-CEC

രാജ്യത്തിൻറെ 26-ാമത് മുഖ്യതിരഞ്ഞെടുപ്പ് കമ്മീഷണറായി ഗ്യാനേഷ് കുമാർ ചുമതലയേറ്റു. രാജീവ് കുമാർ വിരമിച്ച ഒഴിവിലേക്കാണ് നിയമനം. 1988 ബാച്ച് കേരള കേഡർ IAS ഉദ്യോഗസ്ഥനായ ഗ്യാനേഷ് കുമാർ 2024 മാർച്ച് മുതൽ തിരഞ്ഞെടുപ്പ് കമ്മീഷണറുടെ ചുമതല വഹിക്കുകയായിരുന്നു.

********************

## NCST FOUNDATION DAY

ആദിവാസി സമൂഹത്തിൻ്റെ പാരമ്പര്യവും സംസ്കാരവും ഭാഷയും സംരക്ഷിക്കാൻ യുവാക്കൾ മുന്നോട്ട് വരണമെന്ന് ദേശീയ പട്ടികവർഗ കമ്മീഷൻ ചെയർപേഴ്സൺ അന്തർ സിങ് ആര്യ. ദേശീയ പട്ടികവർഗ കമ്മീഷൻ്റെ 22-ാമത് സ്ഥാപക ദിനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഈ ഉദ്യമത്തിൽ യുവാക്കളെ സജീവമായി ഉൾപ്പെടുത്തുന്നതിന് കമ്മീഷന്റെ നേതൃത്വത്തിൽ ജൻ ജാഗരൺ ബോധവൽക്കരണ പരിപാടി കാര്യക്ഷമമായി നടത്തിവരികയാണെന്നും അദ്ദേഹം വ്യക്തമാക്കി.

********************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻകി ബാത് ഈ മാസം 23-ന്. മൻകി ബാത്തിന്റെ 119-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റേയും എല്ലാ നിലയങ്ങളും പരിപാടി തത്സമയം പ്രക്ഷേപണം ചെയ്യും.

********************

## CM-LSGD (INTRO)

കേരളത്തിന്റെ വികസനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. തൃശൂരിൽ നടന്ന തദ്ദേശ ദിനാഘോഷത്തിൻറെ സമാപന സമ്മേളനം വീഡിയോ കോൺഫറൻസിലൂടെ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. സാർവത്രിക വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിൽ സംസ്ഥാനത്തിന് മുന്നേറ്റം കൈവരിക്കാൻ സാധിച്ചത് തദ്ദേശ

സ്ഥാപനങ്ങളുടെ സഹായത്തോടെയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.
(ഹോൾഡ് വോയ്സ്)

********************

## Munnar-Accident

ഇടുക്കി മൂന്നാറിൽ ടൂറിസ്റ്റ് ബസ് മറിഞ്ഞ് മൂന്ന് വിദ്യാർത്ഥികൾ മരിച്ചു. നിരവധി പേർക്ക് പരിക്കേറ്റിട്ടുണ്ട്. തമിഴ് നാട്ടിലെ നാഗർകോവിലിൽ നിന്നുള്ള കോളേജ് വിദ്യാർത്ഥികളാണ് മൂന്നാർ എക്കോപോയിന്റിൽ വച്ച് അപകടത്തിൽപ്പെട്ടത്.

********************

## JP NADDA - SREE CHITHRA

തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജിയിലെ പുതിയ മന്ദിരോദ്ഘാടനം കേന്ദ്ര മന്ത്രി ജെ.പി നഡ്ഡയും, കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗും ചേർന്ന് നാളെ നിർവ്വഹിക്കും. കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, ആരോഗ്യ മന്ത്രി വീണാ ജോർജ്, ശശി തരൂർ എംപി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

********************

## Champions Trophy

ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് ടൂർണമെൻറിൻറെ ഉദ്ഘാടന മത്സരത്തിൽ ന്യൂസിലാൻഡിനെതിരെ പാക്കിസ്ഥാന് 321 റൺസ് വിജയലക്ഷ്യം.

ടോസ് നേടിയ പാകിസ്ഥാൻ ന്യൂസിലൻഡിനെ ബാറ്റിംഗിന് അയക്കുകയായിരുന്നു. നിശ്ചിത 50 ഓവറിൽ ന്യൂസിലാൻഡ് 5 വിക്കറ്റ് നഷ്ടത്തിൽ 320 റൺസെടുത്തു. വിൽ യംഗും ടോം ലാതവും ന്യൂസിലാൻഡിനു വേണ്ടി സെഞ്ച്വറി നേടി. ദുബായിൽ നാളെ ബംഗ്ലാദേശിനെതിരെയാണ് ഇന്ത്യയുടെ ആദ്യ മത്സരം.

********************

## Ranji Trophy

രഞ്ജി ട്രോഫി ക്രിക്കറ്റ് സെമി ഫൈനലിൽ കേരളത്തിനെതിരെ ഗുജറാത്ത് മികച്ച സ്കോറിലേക്ക്. മൂന്നാം ദിവസം കളി നിർത്തുമ്പോൾ ഗുജറാത്ത് ആദ്യ ഇന്നിംഗ്സിൽ ഒരു വിക്കറ്റിന്

222 റൺസ് എന്ന നിലയിലാണ്. കേരളത്തിൻറെ ഒന്നാം ഇന്നിംഗ്സ് 457 റൺസിന് അവസാനിച്ചിരുന്നു.

കേരളത്തിനായി മുഹമ്മദ് അസ്ഹറുദ്ദീൻ സെഞ്ച്വറി നേടി. അതേസമയം മുംബൈക്കെതിരായ സെമി ഫൈനൽ മത്സരത്തിൽ വിദർഭ ശക്തമായ നിലയിലാണ്. മൂന്നാം ദിവസം കളി നിർത്തുമ്പോൾ 6 വിക്കറ്റ് ശേഷിക്കേ 260 റൺസിൻറെ ലീഡാണ് വിദർഭ നേടിയിട്ടുള്ളത്.

********************

## ISL

ഐ എസ് എൽ ഫുട്ബോളിൽ ഹൈദരാബാദ് എഫ് സി, മുംബൈ സിറ്റി മത്സരം ആരംഭിച്ചു. ഹൈദരാബാദ് ഗച്ചിബൗലി സ്റ്റേഡിയത്തിലാണ് മത്സരം.

********************

## Honorarium- Veena George

സംസ്ഥാനത്തെ ആശാവർക്കർമാർക്ക് ഉപാധിരഹിത ഓണറേറിയം അനുവദിക്കാൻ തീരുമാനിച്ചതായി മന്ത്രി വീണാ ജോർജ്. ആശാ വർക്കർമാരുടെ സംഘടനാ പ്രതിനിധികളുമായി നടത്തിയ ചർച്ചയിലെ പ്രധാന ആവശ്യമാണ് നടപ്പിലാക്കിയതെന്ന് മന്ത്രി പറഞ്ഞു. 3 മാസത്തെ ഓണറേറിയം ഇന്ന് മുതൽ വിതരണം ചെയ്യും.

********************

## Chooralmala -Meeting

വയനാട് ഉരുൾപൊട്ടലിൽ പൂർണമായും തകർന്ന ചൂരൽമല പാലം പുനർനിർമിക്കുന്നതിനുള്ള 35 കോടി രൂപയുടെ പദ്ധതി നിർദ്ദേശത്തിന് സംസ്ഥാന സർക്കാരിൻറെ അംഗീകാരം. അപകടങ്ങളെ അതിജീവിക്കാൻ ശേഷിയുള്ള വിധത്തിൽ, മുൻപുണ്ടായിരുന്ന പാലത്തേക്കാൾ ഉയരത്തിലാവും പുതിയ പാലം നിർമിക്കുക.

********************

## State Cabinet meeting

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ ശമ്പളവും ആനുകൂല്യങ്ങളും പരിഷ്ക്കരിക്കാൻ ഇന്ന്

ചേർന്ന സംസ്ഥാന മന്ത്രിസഭാ യോഗത്തിൽ തീരുമാനം. മലപ്പുറം കൊണ്ടോട്ടി താലൂക്കിൽ പുറമ്പോക്കിൽ ദീർഘകാലമായി താമസിച്ചു വരുന്ന 23 കൈവശക്കാർക്ക് പട്ടയം നൽകാനും യോഗം അനുമതി നൽകി.

********************

## DUBAI-NAVDEX 2025

അബുദാബിയിലെ NAVDEX 2025-ൽ തദ്ദേശീയമായി രൂപകൽപ്പന ചെയ്ത ഫാസ്റ്റ് പട്രോൾ വെസ്സലുകളും, ഓഫ്ഷോർ പട്രോൾ വെസ്സലുകളും പ്രദർശിപ്പിച്ച് ഇന്ത്യയിലെ മുൻനിര പ്രതിരോധ കപ്പൽ നിർമ്മാണശാലകളിലൊന്നായ ഗോവ ഷിപ്പ്യാർഡ് ലിമിറ്റഡ്. സമുദ്ര സംബന്ധിയായ മറ്റ് നൂതന സംവിധാനങ്ങളും GSL അവതരിപ്പിക്കുന്നുണ്ട്.

********************

**********

*****